കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 5/2023

13.03.2023

# അഭിമാനം വാനോളം
# നാല് കുടുംബങ്ങൾക്ക് വീട് നിർമിച്ചു നൽകി ധീരമായി മുന്നോട്ട്

ഫെബ്രുവരി 8, മാർച്ച് 12 എന്നീ ദിനങ്ങൾ നമ്മുടെ കലണ്ടറിൽ എണ്ണപ്പെടുന്നത് രണ്ട് കുടുംബങ്ങളുടെ കൂടി കണ്ണീരൊപ്പാൻ നമുക്ക് കഴിഞ്ഞു എന്ന നിലയിലാണ്. നമ്മോടൊപ്പം തൊഴിലെടുക്കുന്ന സ്വന്തമായി വീടില്ലാത്ത 4 സ്വീപ്പർമാർക്ക് വീട് നിർമിച്ചു കൊടുക്കാൻ സംഘടന തീരുമാനിച്ച സമയത്താണ് ഒരു താൽക്കാലിക ജീവനക്കാരൻ അകാലത്തിൽ മരണപ്പെടുന്നത്. അദ്ദേഹത്തിന്റെ കുടുംബത്തിന് താമസിക്കാൻ സ്വന്തമായി വീടുണ്ടായിരുന്നില്ല എന്നതിനാൽ അവർക്ക് കൂടി തണലേകാനുള്ള നമ്മുടെ തീരുമാനമാണ് 5 വീടുകൾ നിർമിച്ചു നൽകണമെന്ന തീരുമാനത്തിൽ സംഘടന എത്തിച്ചേരാൻ കാരണമായത്.

മലപ്പുറം ജില്ലയിലെ കോട്ടക്കൽ, കണ്ണൂർ ജില്ലയിലെ എടയന്നൂർ എന്നീ ശാഖകളിലെ സ്വീപ്പർമാർക്ക് നാം നിർമിച്ച വീടുകൾ നേരത്തെ തന്നെ കൈമാറിയിരുന്നു. മലപ്പുറം ജില്ലയിലെ കൂട്ടായി ബ്രാഞ്ചിലെ താൽക്കാലിക ജീവനക്കാരൻ ഷംസുദ്ധീന്റെ കുടുംബത്തിന് വേണ്ടി നാം നിർമിച്ച വീട് ഫെബ്രുവരി 8 ന് മുൻ മന്ത്രിയും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവുമായ സഖാവ് പാലോളി മുഹമ്മദ് കുട്ടിയാണ് കൈമാറിയത്. ഇത് നാം നിർമിച്ചു നൽകിയ മൂന്നാമത്തെ വീടായിരുന്നു. ലളിത ജീവിതവും നിസ്വാർത്ഥമായ സാമൂഹിക സേവനവും കൊണ്ട് രാജ്യത്തെ പൊതുപ്രവർത്തകർക്കിടയിൽ മാതൃകാപരമായി അടയാളപ്പെടുത്താൻ കഴിയുന്ന സഖാവായ പാലോളി മുഹമ്മദ് കുട്ടി തന്റെ തൊണ്ണൂറ്റി മൂന്നാമത്തെ വയസ്സിലും ഏറെ ചുറു ചുറുക്കോടെ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ മുന്നോട്ട് വന്നത്, സംഘടന ഏറ്റെടുത്ത ദൗത്യത്തിന്റെ ഉയർച്ചയായാണ് നാം കാണുന്നത്.



ഷംസുദ്ധീൻ നമ്മുടെ സഹപ്രവർത്തകനായിരുന്നു. നമുക്കൊപ്പം ഈ സ്ഥാപനത്തിന്റെ ഉന്നതിക്കായി ആയുസ്സിന്റെ നല്ലൊരു പങ്കും ചിലവഴിച്ച നമ്മുടെ പ്രിയങ്കരൻ. അർഹതയുണ്ടായിട്ടും സ്ഥിരപ്പെടാതെ ദിവസ വേതനക്കാരായി തുടരുന്ന നമ്മുടെ നൂറു കണക്കിന് കൂടപ്പിറപ്പുകളിൽ ഒരുവൻ. എന്നാൽ ആകസ്മികമായ അദ്ദേഹത്തിന്റെ വിയോഗം, ആ കുടുംബത്തിൽ സൃഷ്ടിച്ച ശൂന്യതയുടെ ആഴം, അളക്കപ്പെടാൻ കഴിയാത്തവണ്ണം വലുതായിരുന്നു. ഇത്തരമൊരു ഘട്ടത്തിൽ ആ കുടുംബത്തെ സഹായിക്കുക എന്നത്, നമ്മെ സംബന്ധിച്ച് സംശയമേതുമില്ലാതെ ഏറ്റെടുത്തു നടപ്പിലാക്കേണ്ട ഉത്തരവാദിത്തമായിരുന്നു. പിന്തുടരുന്ന പ്രത്യയശാസ്ത്രങ്ങൾ, ചുറ്റുപാടുകളിലൂടെ പാലിക്കപ്പെടേണ്ടതാണെന്ന് വിശ്വസിക്കുന്ന സംഘടനയെന്ന നിലയിൽ ആ ഉത്തരവാദിത്തം പൂർണ്ണ മനസ്സോടെ നമ്മൾ ഏറ്റെടുത്തു. അതിന്റെ ഫലമായാണ് അദ്ദേഹത്തിന്റെ കുടുംബത്തിന് നിർമിച്ചു നൽകാൻ സാധിച്ച ആ വീട്.

സ്വന്തമായി ഒരു വീട് എന്നത്, ഒരു കുടുംബത്തിന് നൽകുന്ന ആത്മവിശ്വാസം എത്ര വലുതാണെന്ന് നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമാണ്. ഇവിടെ, ആ സ്വപ്നം പൂർത്തിയാക്കാൻ സാധിക്കാതെ ഷംസുദ്ധീൻ വിടപറഞ്ഞപ്പോൾ, സംഘടന ആ കുടുംബത്തിന്റെ സ്വപ്നങ്ങൾക്ക് ചിറക് നൽകുകയായിരുന്നു. റിട്ടയർ ചെയ്ത നമ്മുടെ മുൻഗാമികൾ KGBRF ന്റെ നേതൃത്വത്തിൽ അത് സ്വന്തം പ്രവർത്തനങ്ങളായി ഏറ്റെടുത്തപ്പോൾ നമ്മുടെ പ്രയാണം വളരെ എളുപ്പമായി. സ്വരൂപിച്ച തുകയുടെ വലുപ്പത്തിൽ മാത്രമല്ല, അവർ ഇക്കാര്യത്തിൽ പ്രകടിപ്പിച്ച ആത്മാർത്ഥമായ പ്രവർത്തനങ്ങളെയാകെ എത്ര ശ്ലാഘിച്ചാലും മതിവരില്ല.

ഒരു സംഘടനയുടെ പ്രാഥമിക ഉത്തരവാദിത്തം അതിൽ അംഗങ്ങളാവുന്ന മെമ്പർമാരുടെ താല്പര്യം സംരക്ഷിക്കുക എന്നതാണ്. എന്നാൽ ഇതിലുപരിയായി സമൂഹത്തിലെ പ്രശ്നങ്ങളോട് കണ്ണ് തുറക്കുകയും പ്രതികരിക്കുകയും ചെയ്യുക എന്ന വർദ്ധിത ഉത്തരവാദിത്തം ഏറ്റെടുക്കുകയാണ് നമ്മുടെ സംഘടന ചെയ്യാറുള്ളത്. ഓരോ സംഘടനയ്ക്കും സമൂഹത്തിൽ നടക്കുന്ന വിവിധങ്ങളായ വിഷയങ്ങളിൽ പല തരത്തിലുള്ള നിലപാടുകൾ ഉണ്ടാവാം. എന്നാൽ നിലപാടുകൾ എന്നത് കേവലമായ അഭിപ്രായം പറച്ചിലിനപ്പുറം പ്രവർത്തികമാക്കേണ്ടുന്ന കാര്യമാണ് എന്നതിനെതുടർന്ന് നാം കൈക്കൊണ്ട തീരുമാനമാണ് മറ്റൊരു കുടുംബത്തിന്റെ കൂടി കണ്ണീരൊപ്പാൻ സാധിച്ചതിലൂടെ പ്രകടമായത്.




മാർച്ച് 12 ന് മുൻ മന്ത്രിയും CITU സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ടി പി രാമകൃഷ്ണനാണ് മരുതോങ്കര ശാഖയിലെ സ്വീപ്പറായ പി എം പ്രേമയ്ക്ക് നാം നിർമിച്ചു നൽകിയ വീടിന്റെ താക്കോൽ കൈമാറിയത്.

സംഘടനയ്ക്ക് സ്വന്തമായി ആസ്ഥാനമന്ദിരം പണിയുമ്പോൾ, എന്ന് വച്ചാൽ സംഘടനയ്ക്കു വേണ്ടി സ്വന്തമായി വീട് നിർമിക്കുമ്പോൾ, അന്തിയുറങ്ങാൻ ചോർന്നൊലിക്കാത്ത കൂര സ്വന്തമായില്ലാത്ത ഏതാനും ചില മനുഷ്യർക്ക് കൂടി വീട് നിർമിച്ചു നൽകണം എന്ന തീരുമാനം നാം എടുക്കുകയായിരുന്നു. ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (BEFI) എന്ന സമര സംഘടനയുടെ കൊടിക്കീഴിൽ നമ്മുടെ സംഘടന ഈ പ്രവർത്തനം ഏറ്റെടുത്തു.

സമൂഹത്തിൽ ഭവനരഹിതരില്ലാത്ത കേരളമെന്ന ഇടതുപക്ഷ സർക്കാരിന്റെ ആശയത്തിൽ 'ലൈഫ്' പദ്ധതി വഴി മുഴുവൻ ആളുകൾക്കും വീട് നിർമിച്ചു നൽകുമെന്ന സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള തീരുമാനമാണ് നമുക്കും പ്രചോദനമേകിയത് എന്നത് പറയാതിരിക്കാൻ നിർവാഹമില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായാണ് നമ്മുടെ സംഘടനാ പ്രവർത്തനം എങ്കിലും തൊഴിലാളികൾക്കും നിസ്വരായ ജനങ്ങൾക്കും വേണ്ടി നിലകൊള്ളുന്ന സംഘടന എന്ന നിലയിൽ ഇടതുപക്ഷ ആശയങ്ങൾ മുറുകെ പിടിച്ചു കൊണ്ട് പ്രവർത്തിക്കുന്നു എന്നതിനാലാണ് ഇത്തരമൊരു ദൗത്യം ഏറ്റെടുക്കാൻ നമ്മെ പ്രേരിപ്പിച്ചത്.

മിഡിൽ ക്ലാസ് ജീവനക്കാരെ തന്റെ ജോലി, തന്റെ പ്രമോഷൻ, തന്റെ വീട്, തന്റെ കാറ് തുടങ്ങിയ കാര്യങ്ങളിലേക്കു മാത്രം തളച്ചിടാനുള്ള ശ്രമമാണ് നമുക്ക് ചുറ്റും നടക്കുന്നത്. ബോധപൂർവ്വമായ ഇടപെടലിലൂടെ ഈ സ്വാർത്ഥ താൽപ്പര്യങ്ങളെ മറികടക്കാനുള്ള ശ്രമമാണ് BEFI പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നമ്മുടെ സംഘടന ഏറ്റെടുക്കുന്നത്. ഏറ്റവും വലിയ പ്രത്യേകത അത് മനുഷ്യസ്നേഹത്തിനും മാനവികതയ്ക്കും ഒപ്പം ചേർന്നു നിന്നാണ് മുന്നോട്ടു പോകാറുള്ളത് എന്നതാണ്. അവിടെ താണവനെന്നോ ഉയർന്നവനെന്നോ ഉള്ള തരംതിരിവ് നമുക്ക് ഉണ്ടാവാറില്ല എന്നാണ് നമ്മുടെ അനുഭവം.

ഇവിടെ ഒരു കുടുംബത്തെ കൂടി ഇന്ന് ചേർത്ത് നിർത്തിയതിലൂടെ നാല് കുടുംബങ്ങൾക്കാണ് നിലവിൽ വീട് നിർമിച്ചു നൽകിയത്. അഞ്ചാമത്തെ വീട് കോട്ടയം ജില്ലയിൽ നിർമാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. അഭിമാനത്തിന്റെ കൊടുമുടിയിൽ നമുക്കേവർക്കും അഭിരമിക്കാവുന്ന സുവർണ മുഹൂർത്തമാണ് കൈവന്നിരിക്കുന്നത്. അതിൽ നമ്മുടെ സംഘടനയിലെ അംഗങ്ങൾക്ക് മാത്രമല്ല, ഈ സംഘടന രൂപം കൊള്ളാൻ കാരണമായ കേരള ഗ്രാമീണ ബാങ്കിലെ മുഴുവൻ ജീവനക്കാർക്കും അഭിമാനിക്കാം.

ഈ ദിവസങ്ങൾ അടയാളപ്പെടുത്തുന്നത്, സംഘടന അതിന്റെ സാമൂഹിക ഉത്തരവാദിത്തം നിറവേറ്റിയെന്ന കേവലം പറഞ്ഞു പോക്കുകൊണ്ടു മാത്രമായിരിക്കില്ല. ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയ ഭിന്നതകളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്തുന്ന കാഴ്ചപ്പാടുകളെ, പൊതു സ്വീകാര്യതയായി തെറ്റിദ്ധരിക്കുന്ന വർത്തമാന കാല സമൂഹമാണിത്. അവിടെ, ദുരിതമനുഭവിക്കുന്ന മനുഷ്യനെ ചേർത്തു പിടിച്ചു കൊണ്ട്, ഉൾച്ചേർക്കലിന്റേയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും രാഷ്ട്രീയത്തിന്റെ പ്രചാരകരായി എന്ന ദൗത്യം നിറവേറ്റി എന്ന നിലയിൽ ആയിരിക്കും നാം സ്മരിക്കപ്പെടുകയെന്നത് തീർച്ച. ഈ സംരംഭത്തിൽ നേരിട്ടും അല്ലാതെയും പങ്കാളികളായ നിരവധി മനുഷ്യരെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 94473 83184